പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3785

15.12.2014-ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;<br>(ബി) പോലീസിൽ പരാതി നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | : (എ & ബി) വിലയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ നേരിട്ടും Internal Administrative Processing System (*i*APS), Telephone, SMS,Mobile Phone, Thapal- എന്നിവ വഴി പരാതികൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) പരാതി നൽകുന്നതിന് വിവര സാങ്കേതിക വിദ്യയുടെയും നവമാധ്യമങ്ങളുടെയും സഹായം സർക്കാർ ഉപയോഗപ്പെടുത്തുമോ; | : (സി) വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട് |
| (ഡി) പരാതിക്കാരന് രസീത് നൽകുന്ന സംവിധാനം കാര്യക്ഷമമാണോ; ഇതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; | : (ഡി) കാര്യക്ഷമമാണ്. Station House Officer (SHO) മാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ എഴുതി തയ്യാറാക്കിയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണത്തിന് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | : (ഇ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ 1016144 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും 960914 പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടുണ്ട് |
| (എഫ്) പ്രായമായവരും സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകൾക്ക് സംരക്ഷണം നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | : (എഫ്) ജനമൈത്രീ സുരക്ഷാ പദ്ധതി നിലവിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഓരോ ബീറ്റ് ഓഫീസറും തങ്ങളുടെ ബീറ്റിലുള്ള പ്രായമായ വരും, സ്ത്രീകളും മാത്രം താമസിക്കുന്ന വീടുകളുടെ പട്ടിക തയ്യാറാക്കി അത്തരം പ്രദേശങ്ങളിൽ പതിവായി ബീറ്റുകൾ നടത്തി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്ന സംവിധാനം നിലവിലുണ്ട്. |
| (ജി) സംസ്ഥാനത്ത് എത്ര പോലീസുകാരുടെ ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ? | : ജി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ